# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ഫെബ്രുവരി 7, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 264)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | 5286 മുതൽ 5347 വരെ |
| സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി | 5348 മുതൽ 5389 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | 5390 മുതൽ 5470 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 5471 മുതൽ 5519 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവനജകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 5520 മുതൽ 5549 വരെ |

## വൈദ്യുതി മോഷ്ടാക്കൾക്കെതിരെ നടപടി

5286 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുന്നതിനും അതിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനുമായി കെ.എസ്.ഇ.ബി. സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ സാമ്പത്തികവർഷം നാളിതുവരെ എന്തു തുകയുടെ വൈദ്യുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്; ആയതിൽ എന്തു തുക ഈടാക്കിയിട്ടുണ്ട്;

(സി) വൈദ്യുതി മോഷണവും ക്രമക്കേടും നടത്തുന്നവർക്കെതിരെയുള്ള പിഴയ്ക്കു പുറമെ ക്രിമിനൽ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യിലെ മോഡൽ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം</u>

5287 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ മോഡൽ സെക്ഷനുകൾ ആരംഭിക്കുവാൻ ഏത് വർഷമാണ് ഉത്തരവായത് ;

(ബി) ഉപഭോക്താക്കളുടെ എണ്ണമോ, സെക്ഷൻ ഓഫീസിന്റെ വിസ്തൃതിയോ മാനദണ്ഡമാക്കാതെ എല്ലാ മോഡൻ സെക്ഷൻ ഓഫീസുകളിലും 12 ലൈൻമാൻമാരെയും 6 ഓവർസിയർമാരെയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ വലിയ സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കുറഞ്ഞ എണ്ണം ലൈൻമാൻമാരും, ഓവർസിയർമാരും ആവശ്യമുള്ള സെക്ഷൻ ഓഫീസിൽനിന്നും ഉപഭോക്താക്കൾ കൂടുതലുള്ള വലിയ സെക്ഷൻ ഓഫീസുകളിലേക്ക് ഇവരെ ജോലിക്ക് നിയോഗിക്കുവാൻ അതാത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകി ഉത്തരവാകുമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സബ്സ്റ്റേഷനുകളുടെ നിർമ്മാണം</u>

5288 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രസരണ മേഖലയിൽ എത്ര സബ്സ്റ്റേഷനുകളാണ് പൂർത്തിയായത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്;

(ഡി) നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന സബ്സ്റ്റേഷനുകൾ ഏതൊക്കെയാണ് ; അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷൻ വിഭജനം</u>

5289 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകൾ അനുവദിച്ചതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള ഉപഭോക്താക്കളുടെ ബാഹുല്യം കണക്കിലെടുത്ത് പ്രസ്തുത ഇലക്ട്രിക് ഡിവിഷൻ വിഭജിച്ച് അങ്കമാലി കേന്ദ്രമാക്കി ഒരു പുതിയ ഡിവിഷൻ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം</u>

5290 ശ്രീ. സി. പി. മുഹമ്മദ്
,, ആർ. സെൽവരാജ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്ന പദ്ധതി വൈദ്യുതി ബോർഡ് വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ഉപയോഗം ക്രമപ്പെടുത്താൻ നടപടി</u>

5291 ശ്രീ.എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുളളത്;

(ബി) ഇങ്ങനെയുളള തെറ്റുകൾ ക്രമപ്പെടുത്താൻ ഉപഭോക്താക്കൾക്ക് അവസരം നൽകാൻ വൈദ്യുതി ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം തെറ്റുകളാണ് ഈ പദ്ധതിപ്രകാരം ക്രമപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതിബോർഡിന്റെ കമ്പനിയായുള്ള പുനഃസംഘടന</u>

5292 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. കെ. ബാലൻ
,, എ. എം. ആരിഫ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡ് ലിമിറ്റഡ് പൊതുമേഖലയിൽ നിലനിർത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ഡയറക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം വർദ്ധിപ്പിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതിബോർഡിലെ ജീവനക്കാരുടെ പുനർവിന്യാസത്തിലെ അപാകത</u>

5293 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' ജെയിംസ് മാത്യു
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡിൽ പുതുതായി ഏതെങ്കിലും ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ; അതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ അനുവദിച്ചിട്ടുള്ള ഓഫീസുകളിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(സി) പുതിയ ഓഫീസുകളിലേക്ക് തസ്തികകൾ പുനർ വിന്യസിക്കുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നത്; ഇങ്ങനെ തസ്തികകൾ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) വൈദ്യുതി സുരക്ഷ ഉൾപ്പെടെയുള്ള പ്രധാന ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്ന തസ്തികകൾ പുനർവിന്യാസം വഴി ഇല്ലാതാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം തസ്തികകൾ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>എ. സി.പ്ലാന്റുകളുടെ വ്യാപക ഉപയോഗം സൃഷ്ടിക്കുന്ന അന്തരീക്ഷമലിനീകരണം</u>

5294 ശ്രീ. എൻ. ഷംസുദ്ദീൻ
'' റ്റി. എ. അഹമ്മദ് കബീർ
'' എം. ഉമ്മർ
'' കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. സി. പ്ലാന്റുകളുടെ വ്യാപക ഉപയോഗം സൃഷ്ടിക്കുന്ന അന്തരീക്ഷമലിനീകരണവും, പാരിസ്ഥിതിക പ്രശ്നങ്ങളും സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ;

(ബി) തുടർച്ചയായി എ.സി പ്രവർത്തിപ്പിക്കുന്നതുകൊണ്ടുണ്ടാകുന്ന മാലിന്യത്തോതും, അതു മുഖേനയുണ്ടാകുന്ന ദോഷഫലങ്ങളേയും കുറിച്ച് വിശദമായ പഠനം നടത്തി വിവരങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>എയർ കണ്ടീഷണറുകളുടെ ഉപയോഗത്തിന് നിയന്ത്രണം</u>

5295

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ കണ്ടീഷണറുകളുടെ ഉപയോഗം വ്യാപകവും ഒരു ഫാഷനുമായി മാറിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ഊർജ്ജമേഖലയെ ഏതു വിധത്തിൽ ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം എത്ര ശതമാനം വർദ്ധിക്കുന്നുണ്ട് എന്നതിന്റെ കഴിഞ്ഞ രണ്ടുവർഷത്തെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സർക്കാർ ഓഫീസുകളിലുൾപ്പെടെ ഒരു നിയന്ത്രണവുമില്ലാതെ എ.സി.പ്ലാന്റുകൾ സ്ഥാപിക്കുകയും, ആവശ്യമില്ലാത്ത സന്ദർഭങ്ങളിലുൾപ്പെടെ തുടർച്ചയായി ഉപയോഗിക്കുകയും ചെയ്യുന്നതുമൂലമുള്ള ഭീമമായ അധിക ഊർജ്ജ ഉപഭോഗത്തിന്റെ കണക്കെടുപ്പുനടത്തുകയും, ആവശ്യമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ഉപഭോഗവും നിയന്ത്രണവും</u>

5296 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം 01.07.2011 മുതൽ 31.03.2013 വരെ എത്ര ഗാർഹിക/ഗാർഹികേതര കണക്ഷനുകൾ നൽകുകയുണ്ടായി; ജില്ലതിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനും കുറയ്ക്കുന്നതിനുമായി എത്ര സി.എഫ്.എൽ. നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്; അതിനായി എന്തുതുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) ഉപയോഗശൂന്യമായ സി.എഫ്.എൽ. സുരക്ഷിതമായി നശിപ്പിക്കുന്നതിനായി എന്തുതുകയാണ് വകയിരുത്തിയിരുന്നത്; അതിൽ എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിനും, ലോഡ്ഷെഡിംഗ് ഒഴിവാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ജൈവദ്രവ്യഊർജ്ജ ഉത്പാദന യൂണിറ്റുകൾ</u>

5297 ശ്രീ. റ്റി. വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) എല്ലാ നഗരങ്ങളിലും ജൈവദ്രവ്യ ഊർജ്ജ ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുമെന്ന ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ആഭ്യന്തര വൈദ്യുതോല്പാദനം വര്‍ദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികള്‍</u>

5298 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആഭ്യന്തര വൈദ്യുതോല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് പരിഗണനയില്‍ ഉള്ളതെന്ന് അറിയിക്കുമോ;

(ബി) നടപ്പ് പഞ്ചവത്സര പദ്ധതിയില്‍ കേരളത്തില്‍ ഏതൊക്കെ വൈദ്യുതോല്പാദന പദ്ധതികളാണ് പൂര്‍ത്തീകരിക്കുവാന്‍ ലക്ഷ്യമിടുന്നത്; വിശദാംശം അറിയിക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>2014-ൽ ഉല്പാദനം ആരംഭിക്കുവാൻ കഴിയുന്ന വൈദ്യുത പദ്ധതികൾ</u>

5299 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2014-ൽ ഉല്പാദനം ആരംഭിക്കുവാൻ കഴിയുന്ന വൈദ്യുത പദ്ധതികൾ എത്രയാണെന്ന് അറിയിക്കാമോ ; ഇതിൽ നിന്ന് എത്ര അളവിൽ വൈദ്യൂതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>2014-15 ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ</u>

5300 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ വകുപ്പിൽ/വൈദ്യുതി വകുപ്പിൽ 2014-15 ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ എന്തെല്ലാം?

(ബി) കോഴിക്കോട് ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം</u>

5301 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഗാർഹിക ഉപഭോഗം, സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലെ ഉപഭോഗം എന്നിവ എത്രയാണെന്നും ഈ വിഭാഗങ്ങളിൽ നിന്നും യൂണിറ്റൊന്നിന് ഈടാക്കുന്ന വില എത്രയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

പൂർത്തീകരിച്ചിട്ടില്ല 220 കെ.വി., 110 കെ.വി., 66 കെ.വി., 33 കെ.വി. സബ്സ്റ്റേഷനുകൾ

5302 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെകാലത്ത് പൂർത്തീകരിച്ച 220 കെ.വി., 110 കെ.വി., 66 കെ.വി., 33 കെ.വി. സബ്സ്റ്റേഷനുകളുടെ എണ്ണം എത്രയാണ് ; സ്ഥലവും, എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര സബ്സ്റ്റേഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട് ; സ്ഥലവും എണ്ണവും വ്യക്തമാക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ബോർഡിൽ എത്ര പുതിയ ഓഫീസുകൾ ആരംഭിച്ചു ; ഏതെല്ലാം ഓഫീസുകളാണ് ആരംഭിച്ചത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പുതിയ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട് ; ഏതെല്ലാം ഓഫീസുകളാണ് ആരംഭിച്ചത് ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കുറിച്ചി പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

5303 ശ്രീ.സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുറിച്ചി പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>രാജപുരത്ത് 110 കെ. വി. സബ് സ്റ്റേഷൻ</u>

5304 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ മലയോര പഞ്ചായത്തുകളിൽ നേരിടുന്ന വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനായി രാജപുരത്ത് 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ</u>

5305

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന വിവിധ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഏതെല്ലാമാണ്; വിശദീകരിക്കാമോ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എവിടെയെല്ലാമാണെന്നും വിശദീകരിക്കാമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>മങ്കട സബ്സ്റ്റേഷൻ നിർമ്മാണം</u>

5306 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട 66 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സൗജന്യ വൈദ്യുതി ലഭിക്കുന്നവർ</u>

5307 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗജന്യമായും സൗജന്യ നിരക്കിലും വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്താക്കൾ ഏതെല്ലാം വിഭാഗത്തിൽ പെടുന്നവരാണ് എന്ന് അറിയിക്കുമോ ;

(ബി) ഈ വിഭാഗങ്ങളിൽപെടുന്നവരെ തെരഞ്ഞെടുക്കുന്നതിന് വൈദ്യുതി ബോർഡിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഇത്തരം സൗജന്യം ലഭിക്കുന്ന പാവപ്പെട്ടവരുടെ എണ്ണം സംസ്ഥാനത്ത് ആകെ എത്രയാണെന്നും അതിന് വൈദ്യുതി ബോർഡ് വഹിക്കുന്ന നഷ്ടം എത്രയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ മേൽ സ്വീകരിച്ച നടപടികൾ</u>

5308

ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബി.യ്ക്ക് ഗാർഹികേതര ഉപഭോക്താക്കളിൽ നിന്ന് പിരിഞ്ഞുകിട്ടാനുണ്ടായിരുന്ന കുടിശ്ശിക തുക എത്രയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എന്തു തുക അതിൽ നിന്ന് പിരിച്ചെടുത്തു; എന്തു തുക ഇനിയും പിരിഞ്ഞു കിട്ടാനുണ്ട്;

(സി) ഇത്തരത്തിൽ കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ എന്തെല്ലാം; പ്രസ്തുത ശിക്ഷാ നടപടിയുടെ ഫലമായി കെ.എസ്.ഇ.ബി.യ്ക്കുണ്ടായ നേട്ടങ്ങൾ വിശദീകരിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി.യ്ക്ക് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക തുക എത്ര; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി, കടബാധ്യതകൾ

5309 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലെ ആസ്തി ഏകദേശം എത്ര; കടബാധ്യതകൾ എത്ര;

(ബി) കെ.എസ്.ഇ.ബി. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക നിലവിൽ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) നടപ്പുവർഷം ബോർഡിന്റെ വരുമാനം എത്രയാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ഡി) ബോർഡിന്റെ കണക്കുപ്രകാരം നടപ്പു സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ കമ്മി ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ഇ) പ്രസ്തുത വരുമാനവും കമ്മിയും റഗുലേറ്ററി കമ്മീഷൻ എപ്രകാരമാണ് വിലയിരുത്തിയിട്ടുള്ളത്; താരതമ്യം ചെയ്യുമോ;

(എഫ്) ബോർഡിന്റെ കാര്യക്ഷമത വർധിപ്പിക്കാനും ഭരണച്ചെലവ് കുറയ്ക്കുവാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡ് പ്രതിസന്ധിക്കുള്ള കാരണങ്ങൾ</u>

5310

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിന്റെ പ്രതിസന്ധിക്കുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>മൂലമറ്റം പവർ ഹൗസ് സുരക്ഷ</u>

5311 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ നിന്നും എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം പരമാവധി ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നത് ; അവ ഏതൊക്കെ ജലവൈദ്യുത പദ്ധതികളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി വീതമെന്ന് വിശദമാക്കുമോ ;

(ബി) മൂലമറ്റം പവർ ഹൗസിൽ രണ്ടര ദശാബ്ദത്തിനിടെ എത്ര വലിയ അപകടങ്ങൾ നടന്നു ; എപ്പോഴെല്ലാം ; എത്ര ജീവനക്കാരുടെ ജീവൻ നഷ്ടപ്പെട്ടു ; എത്ര ജീവനക്കാർക്ക് അംഗവൈകല്യം സംഭവിച്ചു ;

(സി) പവർ ഹൗസ് സുരക്ഷ ഉറപ്പാക്കാനും സമഗ്ര നവീകരിണത്തിനുമായി സർക്കാർ എന്തു നടപടി സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതി നിയന്ത്രണം</u>

5312 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നല്ല കാലവർഷം ലഭിച്ച സാഹചര്യത്തിൽ ഈ വർഷം സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡിംഗോ ഏർപ്പെടുത്തേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ഉത്പാദനം</u>

5313 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദനത്തിനുള്ള സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഇവിടുത്തെ ഉപയോഗത്തിന് പര്യാപ്തമാണോ ;

(സി) ഇല്ലെങ്കിൽ എവിടെ നിന്നൊക്കെയാണ് വൈദ്യുതി വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് കുറഞ്ഞ തുകയ്ക്ക് കൂടുതൽ വൈദ്യുതി ഉത്പാദനം നടത്തുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി യുടെ വിവിധ ചെലവുകള്‍</u>

5314 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒരു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് എന്തു ചെലവ് വരുന്നുണ്ട് ;

(ബി) ശമ്പളം, പെന്‍ഷന്‍, മറ്റു അലവന്‍സുകള്‍ എന്ന ഇനത്തില്‍ കെ.എസ്.ഇ.ബി.യ്ക്ക് ഒരു മാസം എന്തു തുക ആവശ്യമായി വരുന്നുണ്ട് ;

(സി) 2012-2013 ലെ കെ.എസ്.ഇ.ബി. ഓഡിറ്റ് പ്രകാരം നഷ്ടമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾ</u>

5315 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വൈദ്യുതോല്പാദനവും, ഉപഭോഗവും തമ്മിലുള്ള അന്തരം, വൈദ്യുതി വിലയ്ക്ക് വാങ്ങി പരിഹരിക്കുന്നതിന് കെ. എസ്. ഇ. ബി എത്ര കരാറുകൾ ഉണ്ടാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത കരാറുകളിൽ ഹ്രസ്വകാല കരാറുകൾ ഏതൊക്കെയാണെന്നും, ദീർഘകാല കരാറുകൾ ഏതൊക്കെയാണെന്നും പ്രത്യേകമായി അറിയിക്കുമോ;

(സി) മേൽപ്പറഞ്ഞ രണ്ടുതരം കരാറുകളുടെയും അടിസ്ഥാനത്തിൽ വിലയ്ക്ക് വാങ്ങുന്ന വൈദ്യുതിയുടെ യൂണിറ്റിന്റെ വിലയുൾപ്പെടെയുള്ള കരാർ വ്യവസ്ഥകൾ അറിയിക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>വൈദ്യുതി ഉപഭോഗ നിയന്ത്രണം</u>

5316 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് കെ.എസ്.ഇ.ബി. എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ജലവൈദ്യുത പദ്ധതി നിലവിലില്ലാത്ത ഡാമുകൾ</u>

5317 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾ നിലവിലില്ലാത്ത ഡാമുകൾ ഏതൊക്കെയാണ്;

(ബി) നിലവിൽ ജലവൈദ്യുത പദ്ധതികൾ സ്ഥാപിച്ചിട്ടില്ലാത്ത ഡാമുകളിൽ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സ്റ്റേഷനറി ക്ഷാമം മൂലം വൈദ്യുതിബിൽ തയ്യാറാക്കുന്നതിൽ വീഴ്ച</u>

5318 ശ്രീ. രാജു എബ്രഹാം
,, ബി. സത്യൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ തയ്യാറാക്കുന്നതിനുള്ള പാഡ് അടക്കമുള്ള സ്റ്റേഷനറി അച്ചടിച്ച് നൽകുന്നതിനുള്ള ചുമതല ആർക്കാണ്;

(ബി) ഇത്തരം സ്റ്റേഷനറിക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതി ബിൽ തയ്യാറാക്കുന്നതിന് ആവശ്യമായ സ്റ്റേഷനറി ലഭിക്കാത്തതിനാൽ ബിൽ തയ്യാറാക്കുന്നതിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

5319 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ വൈദ്യുത ചാർജ്ജ് ഇനത്തിൽ കെ. എസ്. ഇ. ബി. ക്ക് എത്ര കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളുടെ കുടിശ്ശിക തുക എത്രയാണെന്നും അവ ഏതെല്ലാം സ്ഥാപനങ്ങളാണെന്നും വെളിപ്പെടുത്തുമോ;

(സി) തുക പിരിച്ചെടുക്കാൻ ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>ചാത്തൻകോട്ടുനട-11 ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം</u>

5320 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുതപദ്ധതിയായ ചാത്തൻകോട്ടുനട-11 ജലവൈദ്യുതപദ്ധതിയുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>തെരുവുവിളക്കുകള്‍ തെളിയിക്കുന്നതിനുള്ള വൈദ്യുതി ചെലവ്</u>

5321 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വീടുകളില്‍ സാധാരണ ബള്‍ബുകള്‍ക്കു പകരം സി. എഫ്. എല്‍ നല്‍കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര മാത്രം വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാന്‍ കഴിഞ്ഞിട്ടുണ്ട്; എത്ര വൈദ്യുതി ലാഭിക്കാന്‍ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദാംശം സഹിതം വ്യക്തമാക്കാമോ; ഈ പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് തെരുവുവിളക്കായി ഇപ്പോഴും സാധാരണ ബള്‍ബുകള്‍ ഉപയോഗിക്കുന്നു എന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ: ഇതു മാറ്റി സി. എഫ് ബള്‍ബുകളോ, അല്ലെങ്കില്‍ ഇലക്ട്രോണിക് ചോക്കുള്ള ട്യൂബ് ലൈറ്റ് ഫിറ്റിംഗുകളോ ആക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് തെരുവുവിളക്കുകള്‍ തെളിയിക്കുന്നതിന് പ്രതിദിനം ചെലവാകുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ; തെരുവ് വിളക്കുകള്‍ പ്രകാശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി മീറ്റര്‍ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്തുകൊണ്ട്; തെരുവുവിളക്കുകാലുകളില്‍ വൈദ്യുതി മീറ്റര്‍ സ്ഥാപിച്ച് കൃത്യമായ റീഡിംഗിന്റെ അടിസ്ഥാനത്തില്‍ കറന്റ് ചാര്‍ജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില്‍ നിന്നും സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ഇൻഡക്ഷൻ കുക്കറുകൾ</u>

5322

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനങ്ങളിൽ ഇൻഡക്ഷൻ കുക്കറുകൾ വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇൻഡക്ഷൻ കുക്കറുകളുടെ ഉപയോഗം വൈദ്യുതി ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കാരണമായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉപകരണം വ്യാപകമായി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

ചാത്തൻകോട്ടുനട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം

5323 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ ചെറുകിട ജലവൈദ്യുത പദ്ധതിയായ ചാത്തൻകോട്ടുനട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിലെ കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനത്തിന്റെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ സോളാർ പവർ പ്ലാന്റുകൾ</u>

5324

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനെർട്ട് മുഖാന്തിരം ഒരു കിലോവാട്ട് സ്ഥാപിത ശേഷിയുള്ള എത്ര ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ 'റൂഫ് ടോപ്പ് സോളാർ' പദ്ധതിയിൽപ്പെടുത്തി കുട്ടനാട്ടിൽ സ്ഥാപിച്ചുവെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഗവൺമെന്റ് കെട്ടിടങ്ങളിൽ 100 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സബ്സിഡി നിരക്കിൽ സോളാർ റാന്തലുകൾ കുട്ടനാട്ടിലെ എത്ര ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>അനെർട്ട് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ</u>

5325 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അനെർട്ട് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ (റ്റി.ഇ.എസ്.എം) നടത്തിയ പ്രാഥമിക സാധ്യതാ പഠനത്തിൽ കോഴിക്കോട് ജില്ലയിൽ മൈക്രോ ഹൈഡൽ പ്രോജക്ടുകൾക്ക് സാധ്യത കണ്ടെത്തിയ പ്രദേശങ്ങൾ ഏതെല്ലാം ; സാധ്യതാ പഠനത്തിന്റെ വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

## എനർജി സ്മാർട്ട് സ്കൂൾ പദ്ധതി

5326 ശ്രീ. വി. ഡി. സതീശൻ
'' വർക്കല കഹാർ
'' പി. എ. മാധവൻ
'' സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഏതെല്ലാംതരം സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്;

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ</u>

5327 ശ്രീ. കെ. ശിവദാസൻ നായർ
,, പാലോട് രവി
,, എ. റ്റി. ജോർജ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>മലിനീകരണ നിയന്ത്രണ ബോർഡിൽ ഓൺലൈൻ സംവിധാനം</u>

5328 ശ്രീ. ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>ബയോമെഡിക്കൽ മാലിന്യ സംസ്ക്കരണ പദ്ധതി</u>

5329 ശ്രീ. എം. എ. വാഹീദ്
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡ് നഗരങ്ങളിലെ ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ സുരക്ഷിതമായി സംസ്ക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലയിൽ പെട്രോനെറ്റ് എൽ. എൻ. ജി. പവർ പ്ലാന്റിന്റെ നിർമ്മാണം</u>

5330 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോനെറ്റ് എൽ. എൻ. ജി. യുടെ സേവനം ഉപയോഗപ്പെടുത്തി സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പവർ പ്ലാന്റിന്റെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എൽ. എൻ. ജി. ഉപയോഗപ്പെടുത്തി വൈദ്യുതി ഉത്പാദിപ്പിക്കുന്നത് സംസ്ഥാനത്തിന് എത്രത്തോളം ഗുണം ചെയ്യുമെന്നും ഇക്കാര്യത്തിലുള്ള നിലപാട് എന്തെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പവർ പ്ലാന്റിനായി ഉദ്ദേശിക്കുന്ന സ്ഥലം എറണാകുളം ജില്ലയിൽ എവിടെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സൗരഗൃഹ പദ്ധതി</u>

5331 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരഗൃഹ പദ്ധതിയുടെ വിശദാംശം വിവരിക്കാമോ;

(ബി) സൗരഗൃഹ പദ്ധതി നടപ്പാക്കാൻ ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് ഏത് വിധത്തിലാണ് എന്ന് വിവരിക്കാമോ;

(സി) നടപ്പു വർഷം സൗരഗൃഹ പദ്ധതി പ്രകാരം എത്ര വീടുകളുടെ മേൽക്കൂരകളിൽ സൗരവൈദ്യുത പ്ലാന്റുകൾ സ്ഥാപിച്ചുവെന്നും ഓരോ പ്ലാന്റുകളിൽ നിന്നും കെ. എസ്. ഇ. ബി എത്ര യൂണിറ്റ് വൈദ്യുതി വിലയ്ക്ക് വാങ്ങിയെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി യുടെ പ്ലാൻ ഫണ്ട് വിനിയോഗം</u>

5332 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യുടെ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ ഫണ്ട് വിനിയോഗം എത്ര ശതമാനമായിരുന്നു; ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവയിലെ വിനിയോഗം എത്ര ശതമാനമായിരുന്നു;

(ബി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര സബ്സ്റ്റേഷനുകൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്ര എണ്ണമാണ് പൂർത്തീകരിച്ചത്;

(സി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ കഴിഞ്ഞത്; ഏതെല്ലാം പദ്ധതികളിൽ നിന്നാണ് ഈ വൈദ്യുതി ഉല്പാദിപ്പിച്ചത്?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കെ. എസ്. ഇ. ബി. സപ്ലൈകോഡ് പരിഷ്കരണം

5333 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ഇ. ബി. യുടെ സപ്ലൈകോഡ് അവസാനമായി പരിഷ്കരിച്ചത് എന്നാണ്;

(ബി) പ്രസ്തുത സപ്ലൈകോഡ് പ്രകാരം ചെറുകിട വ്യവസായങ്ങള്‍ക്ക് എത്ര കെ. വി. എ. വരെ വൈദ്യുതി നല്കുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(സി) മിനിമം ഗ്യാരന്റി എഗ്രിമെന്റ് സമ്പ്രദായം നിലവിലില്ലാത്തതിനാല്‍ സ്വന്തം ആവശ്യത്തിനുള്ള ട്രാന്‍സ്ഫോര്‍മറിന്റെയും ലൈന്‍ വലിക്കുന്നതിന്റെയും മുഴുവന്‍ തുകയും വൈദ്യുതി ബോര്‍ഡിന് നല്‍കുന്ന ഉപഭോക്താവിന് 150 കെ. വി.എ വരെയെങ്കിലും വൈദ്യുതി ലഭ്യമാക്കണമെന്ന ചെറുകിട വ്യവസായികളുടെ ആവശ്യം വൈദ്യുതി ബോര്‍ഡിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഇതിന്മേല്‍ അനുകൂല തീരുമാനം സ്വീകരിക്കുവാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കുടിവെള്ള-സ്വീവേജ് പമ്പിനുള്ള വൈദ്യുതി താരിഫ് അഗ്രികൾച്ചർ താരിഫ് ആക്കുന്നതിന് നടപടി</u>

5334

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുടിവെള്ള-സ്വീവേജ് പമ്പിനുള്ള വൈദ്യുതി താരിഫ് അഗ്രികൾച്ചർ താരിഫ് ആക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കുടിശ്ശികയുടെ പേരിൽ സർക്കാർ ഓഫീസുകളിലെ കണക്ഷനുകൾ വിച്ഛേദിക്കുന്ന നടപടി</u>

5335 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ പേരിൽ സംസ്ഥാനത്ത് കൃഷി വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ എത്ര വൈദ്യുതി കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങളും കർഷകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇത്തരം പബ്ലിക് യൂട്ടിലിറ്റി സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന സാഹചര്യം ഒഴിവാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതാഘാതമേറ്റ് മരണമടയുന്ന സംഭവങ്ങൾ</u>

5336 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകൾ, ഡൊമസ്റ്റിക് കണക്ഷനുകൾ, നെറ്റ് വർക്ക് കേബിളുകൾ എന്നിവയിൽ നിന്നും വൈദ്യുതാഘാതമേറ്റ് വൈദ്യുതി വകുപ്പ് ജീവനക്കാർ, കരാർ ജീവനക്കാർ, സാധാരണക്കാർ എന്നിവർ മരണമടയുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുണ്ടാകുന്ന അപകടങ്ങൾ തടയാനും, ജീവഹാനി ഒഴിവാക്കാനും ഉപകരിക്കുന്ന ആധുനിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുവാനും സാങ്കേതികവിദ്യ മെച്ചപ്പെടുത്തുവാനും ഈ സർക്കാർ എന്തു നടപടി സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയത്; വ്യക്തമാക്കുമോ?

(ഇ) ഇപ്രകാരം മരണപ്പെടുന്ന കരാർ ജീവനക്കാരുടെ കുടുംബത്തിലെ ഒരംഗത്തിന് വൈദ്യുതി വകുപ്പിൽ സ്ഥിരം നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കേബിള്‍ ടി.വി. ഓപ്പറേറ്റര്‍മാര്‍ കെ.എസ്.ഇ.ബി. പോസ്റ്റുകള്‍ ഉപയോഗിക്കുന്നതിന് ഈടാക്കുന്ന തുക</u>

5337 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേബിള്‍ ടി.വി. ഓപ്പറേറ്റര്‍മാര്‍ കെ.എസ്.ഇ.ബി. പോസ്റ്റുകള്‍ ഉപയോഗിക്കുന്നതിന് പോസ്റ്റ് ഒന്നിന് എത്ര രൂപയാണ് ഈടാക്കുന്നത്; ഈയിനത്തില്‍ എത്ര രൂപയാണ് ബോര്‍ഡിന് ലഭിക്കുന്നത്;

(ബി) എത്ര പോസ്റ്റുകളാണ് ടി.വി. ഓപ്പറേറ്റര്‍മാര്‍ ഇതിനായി ഉപയോഗിക്കുന്നത്?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിലെ ഒഴിവുകൾ</u>

5338 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിലവിൽ ഓരോ തസ്തികയിലുമുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പ്രമോഷൻ വഴി നികത്താനുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(സി) പ്രമോഷൻ വഴി നികത്താനുള്ള ഒഴിവുകളുടെ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം</u>

5339 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലേക്ക് പി.എസ്.സി.യുടെ അഡ്വൈസ് മെമ്മോ പ്രകാരം എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ട് ;

(ബി) ജില്ലയിലെ നിലവിലുള്ള മസ്ദൂർ തസ്തികകൾ എപ്പോൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

5340 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ആലപ്പുഴ ജില്ലയിൽ മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വൈദ്യുതി ബോർഡിൽ ആലപ്പുഴ ജില്ലയിൽ എത്ര മസ്ദൂർ തസ്തികകൾ കരാർ തൊഴിലാളികൾക്കായി മാറ്റി വച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) വൈദ്യുതി ബോർഡിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ മസ്ദൂർ/വർക്കർ നിയമനം</u>

5341 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മസ്ദൂർ/വർക്കർ തസ്തികയുടെ റാങ്ക്ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര മാസമായി എന്നു പറയാമോ; ഈ ലിസ്റ്റുകളിൽ നിന്നും ഓരോ ജില്ലയിലും എത്ര പേരെ വീതം ഇതിനോടകം നിയമിച്ചു എന്നു പയാമോ;

(ബി) മസ്ദൂർ/വർക്കർ റാങ്ക് ലിസ്റ്റിൽ നിന്നും ആലപ്പുഴ ജില്ലയിൽ ഇതിനോടകം എത്രപേരെ നിയമിച്ചു എന്നു പറയാമോ; ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണെന്നു പറയാമോ; ആലപ്പുഴ ജില്ലയിൽ മാത്രം മസ്ദൂർ നിയമനം നടക്കാത്തത് എന്തുകൊണ്ടാണെന്നു പറയുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലെ നിയമനം</u>

5342 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേക്ക് പി.എസ്.സി മുഖേന ഏറ്റവുമൊടുവിൽ നിയമനം നടന്നത് എന്നാണ്?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ പെൻഷൻ സമ്പ്രദായം</u>

5343 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. കമ്പനിവൽക്കരണത്തിലൂടെ ജീവനക്കാർക്ക് ഏത് രീതിയിലുള്ള പെൻഷൻ സമ്പ്രദായമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>ഹൈഡൽ ടൂറിസം ഡയറക്ടറുടെ നിയമനരീതി</u>

5344 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസം ഡയറക്ടറുടെ നിയമനരീതി എപ്രകാരമാണ്; ഇതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) നിലവിൽ ഹൈഡൽ ടൂറിസം ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന വ്യക്തിയെ മാനദണ്ഡപ്രകാരമാണോ നിയമിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ മാനദണ്ഡം പാലിക്കാതെയുള്ള നിയമനത്തിനുള്ള സാഹചര്യം വിശദീകരിക്കാമോ;

(സി) നിലവിലുള്ള ഹൈഡൽ ടൂറിസം ഡയറക്ടർ നിയമിതനായതിനുശേഷം എത്ര ജീവനക്കാരെ നിയമിക്കുകയുണ്ടായി; ഏതൊക്കെ തസ്തികകളിൽ ആരെയൊക്കെയാണ് നിയമിച്ചിട്ടുള്ളത്; ഇവരുടെ ശമ്പളവും മറ്റും സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) ഹൈഡൽ ടൂറിസം ഡയറക്ടർ ഏതൊക്കെ പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികൾക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടോ; സർക്കാരിന് ഈ പദ്ധതികളെ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>റെയിൽവേ അനുബന്ധവ്യവസായങ്ങളും പദ്ധതികളും</u>

T.5345 ശ്രീ. ജി. സുധാകരൻ
,, വി. ശിവൻകുട്ടി
,, കെ. വി. വിജയദാസ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ അനുബന്ധവ്യവസായങ്ങൾ സംസ്ഥാനത്തു സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നു വെളിപ്പെടുത്തുമോ;

(ബി) കേരളത്തോടുള്ള റെയിൽവേയുടെ അവഗണനയ്ക്കെതിരെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) കേരളത്തിനായി പ്രഖ്യാപിച്ച റെയിൽവേ പദ്ധതികളിൽ നടപ്പിലാക്കിയിട്ടില്ലാത്ത ഓരോന്നിന്റെയും നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം പദ്ധതികൾക്ക് സംസ്ഥാനം ഭൂമി സൗജന്യമായി നൽകിയിരുന്നു?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>റെയിൽപ്പാത ഇരട്ടിപ്പിക്കൽ</u>

5346 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ പാത ഇരട്ടിപ്പിക്കൽ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>നിലമ്പൂര്‍ - തിരുവനന്തപുരം</u>
<u>രാജ്യറാണി എക്സ്പ്രസ്സ്</u>

5347 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലമ്പൂര്‍-തിരുവനന്തപുരം റൂട്ടില്‍ സര്‍വ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഈ വിഷയത്തില്‍ ഇതു വരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കില്‍ രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വതന്ത്ര ട്രെയിനാക്കുന്നകാര്യം പരിഗണനയിലില്ലെങ്കില്‍ അധികമായി 2 ബോഗികള്‍ രാജ്യറാണി എക്സ്പ്രസ്സില്‍ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?